**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5427** **03-11-2021 - ൽ മറുപടിയ്ക്ക്**

**കൊടകര കുഴൽപ്പണക്കേസ്സിന്റെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊടകര കുഴൽപ്പണക്കേസ്സിന്റെ അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ; | (എ) | കൊടകര കുഴൽപ്പണ കവർച്ചക്കേസിലെ 22 പ്രതികൾക്കെതിരെ പ്രത്യേക അന്വേഷണ സംഘം ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23.07.2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. കുറ്റപത്രം സമർപ്പിച്ചതിന് ശേഷം ഈ കേസിലേക്ക് കൂടുതൽ തെളിവുകൾ സംബന്ധിച്ച വിശ്വസനീയമായ വിവരം ലഭിച്ചതിനെ തുടർന്ന് 23.09.2021 തീയതി തുടരന്വേഷണം സംബന്ധിച്ച് റിപ്പോർട്ട് ബഹു.കോടതിക്ക് സമർപ്പിച്ച് അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത കേസിൽ പ്രതികളായവരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെന്ന് കണ്ടെത്തിയ 22 പേരേയും അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ടി കേസിന്റെ അന്വേഷണം തുടർന്നു വരുന്നു. |
| (സി) | കുഴൽപ്പണത്തിന്റെ ഉറവിടം കണ്ടെത്താനായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ? | (സി) | നാളിതുവരെയുള്ള അന്വേഷണത്തിൽ പോലീസിന് കണ്ടെത്താനായിട്ടില്ല. ഇത്തരം പണത്തിന്റെ ഉറവിടം സംബന്ധിച്ച കൂടുതൽ അന്വേഷണം നടത്തേണ്ടത് കേന്ദ്ര സർക്കാർ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആയതിനാൽ ഇത് സംബന്ധിച്ച റിപ്പോർട്ട് 01.06.2021, 02.08.2021 തീയതികളിൽ കൊച്ചിൻ എൻഫോഴ്സ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ